بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ സംഗ്രഹം 2-10-2026**

# വാഗ്ദത്ത മസീഹി(അ)ന്റെ തവക്കുൽ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَ رَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○
اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദും തഅവ്വുദും സൂറത്തുൽ ഫാത്തിഹയും ഓതിയ ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുൾ ചെയ്തു:
ആദ്യകാലജീവിതം തൊട്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ലഭിച്ച ദൈവികാനുഗ്രഹങ്ങളെയും, അല്ലാഹു അങ്ങയോട് പുലർത്തിയ പെരുമാറ്റത്തെയും, അങ്ങേയ്ക്ക് അല്ലാഹുവിലുണ്ടായിരുന്ന അചഞ്ചലമായ തവക്കുലിനെയും പരാമർശിച്ചുകൊണ്ട് അവിടുന്ന് അരുൾ ചെയ്യുന്നു:
മുപ്പത് വർഷങ്ങൾക്ക് മുമ്പ് എന്റെ പിതാവ് തന്റെ ജീവിതത്തിലെ അവസാന കാലത്ത് രോഗബാധിതനായി. അതിൽ അദ്ദേഹത്തിന്റെ വഫാത്ത് വിധിക്കപ്പെട്ടിരുന്നു.അന്ന് ഉച്ചയ്ക്ക് എനിക്ക് ഇപ്രകാരം ഇൽഹാം ലഭിക്കുകയുണ്ടായി:

وَالسَّمَاءِ وَ الطَّارِقِ

അതായത്: ആകാശവും, സൂര്യാസ്തമയം ഉണ്ടാകുന്ന ആ വൻ ദുരന്തവും ആണെ സത്യം! അതോടൊപ്പം തന്നെ ഇത് അദ്ദേഹത്തിന്റെ വഫാത്തിലേക്കുള്ള സൂചനയാണെന്ന്എനിക്ക് മനസ്സിലാക്കിത്തരികയും ചെയ്തു.യഥാർത്ഥത്തിൽ അല്ലാഹുവിൽനിന്നുള്ള ആശ്വാസ വാക്കുകളായിരുന്നു ഇത്.
അവിടുന്ന് പറയുന്നു:ഈ വിവരം അറിഞ്ഞപ്പോൾ എനിക്ക് അല്പം വിഷമം തോന്നി.അദ്ദേഹത്തിന് ജീവിതകാലത്ത് ഗവൺമെന്റിൽ നിന്ന് ചില ആനുകൂല്യങ്ങൾ ലഭിച്ചിരുന്നതിനാൽ ഇനി കഷ്ടപ്പാടിന്റെയും സാമ്പത്തിക ഞെരുക്കത്തിന്റെയും നാളുകളായിരിക്കുമല്ലോ വരിക എന്നൊരു ഭയം ഹൃദയത്തിൽ ഉടലെടുത്തു. അപ്പോൾത്തന്നെ ഒരാത്മീയ അവസ്ഥ എന്നെ ബാധിക്കുകയും എനിക്ക് اَلَيۡسَ اللّٰهُ بِكَافٍ عَبۡدَهٗ എന്ന ഇൽഹാം ലഭിക്കുകയും ചെയ്തു
അതായത്: അല്ലാഹു തന്റെ ദാസന് മതിയായവനല്ലേ?! ഈ ദിവ്യവെളിപാടോടുകൂടി കഠിനമായ വേദനയുള്ള മുറിവിൽ മരുന്ന് പുരട്ടിയതുപോലെ എനിക്ക് മനോബലം കൈവന്നു. സാന്ത്വനമേകാൻ ദിവ്യവെളിപാടിന് സവിശേഷ കഴിവുണ്ട് എന്ന കാര്യം പലകുറി അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്.അതായത് അല്ലാഹു എനിക്ക് മതിയായവനാണെന്നും മറ്റൊന്നിനെക്കുറിച്ചും ഇനി ആകുലപ്പെടേണ്ടതില്ലെന്നും അങ്ങേക്ക് പൂർണ്ണ ബോധ്യമുണ്ടായിരുന്നു
ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളിച്ചെയ്യുന്നു: ഈ ഇൽഹാം ലഭിച്ചപ്പോൾത്തന്നെഅല്ലാഹു എന്നെ ഒരിക്കലും പാഴാക്കുകയില്ലെന്ന് മനസ്സിലാക്കിയ ഞാൻ ഉടൻതന്നെ മലാവമൽഎന്ന് പേരുള്ള ഖാദിയാൻനിവാസിയായ ഒരു ഹിന്ദു ഖത്രിക്ക് ഈ ഇൽഹാം എഴുതിക്കൊടുക്കുകയും ഈ കഥ മുഴുവൻ അവനോട് വിവരിക്കുകയും ചെയ്തു. തുടർന്ന്, മൗലവി മുഹമ്മദ് ശരീഫ് സാഹിബ് കലാനൂരി വഴി ഒരു മുദ്രമോതിരം ഉണ്ടാക്കിക്കൊണ്ടുവരുന്നതിനായി അയാളെ തൽക്ഷണം അമൃതസറിലേക്ക് അയച്ചു. ആ ഹിന്ദുവും മൗലവി മുഹമ്മദ് ശരീഫ് സാഹിബും അതിന് സാക്ഷിയാകുന്നതിനും, വേണ്ടിയാണ് ഞാൻ അയാളെ അയച്ചത്!അങ്ങനെ മൗലവി സാഹിബ് വഴി ആകെ അഞ്ച് രൂപ ചെലവിൽ ആ മോതിരം തയ്യാറാക്കപ്പെട്ട് എന്റെ അടുക്കൽ എത്തിച്ചേർന്നു. അത് ഇപ്പോഴും എന്റെ പക്കലുണ്ട്.
ഹുസൂർ അൻവർ അരുൾ ചെയ്തു:
അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആ മോതിരം ഇന്നുമുണ്ട്.
ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് അല്ലാഹുവിലുണ്ടായിരുന്ന തവക്കുലും സത്യത്തോടുള്ള ഉറച്ച നിലപാടും അന്യർപോലും അംഗീകരിച്ചിരുന്ന ഒന്നായിരുന്നു.
മലിക് സ്വലാഹുദ്ദീൻ സാഹിബ് വിവരിക്കുന്നു: ഒരിക്കൽ ഒരു സദസ്സിൽ വെച്ച് ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ എതിർത്ത് സംസാരിക്കാൻ തുടങ്ങി. അപ്പോൾ വധശ്രമ

ക്കേസിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) -ന് വേണ്ടി ഹാജരായ ഒരു പ്രമുഖ അനഹ്മദി അഭിഭാഷകൻ മൗലവി ഫസൽ ദീൻ സാഹിബ് വികാരാധീനനായി പറഞ്ഞു:

മിർസാ സാഹിബിന്റെ മഹത്തായ വ്യക്തിത്വത്തെയും ഉന്നത ധാർമ്മിക ഗണങ്ങളെയും ആദരിക്കുന്ന വ്യക്തിയാണ് ഞാൻ. വലിയ വലിയ മഹാന്മാർ പോലും നിയമോപദേശങ്ങൾക്ക് മുന്നിൽ തങ്ങളുടെ മൊഴികൾ മാറ്റിപ്പറയുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ സത്യത്തിന്റെ സ്ഥാനത്തുനിന്ന് ഒരടി പോലും പിന്നോട്ട് വെക്കാത്ത വ്യക്തിയായിട്ടേ ഞാൻ മിർസാ സാഹിബിനെ കണ്ടിട്ടുള്ളൂ. മാർട്ടിൻ ക്ലാർക്ക് കേസിൽ ഞാൻ അദ്ദേഹത്തിനായി നിയമപരമായ ഒരു മൊഴി തയ്യാറാക്കിയിരുന്നു. കുറ്റാരോപിതൻ സത്യപ്രതിജ്ഞ ചെയ്തുകൊണ്ടുള്ള മൊഴിയല്ല നൽകുന്നത് എന്നും ഞാൻ അദ്ദേഹത്തോട് പറഞ്ഞു. എന്നാൽ മിർസാ സാഹിബ് ആ സ്റ്റേറ്റ്മെന്റ് വായിച്ചതിനു ശേഷം പറഞ്ഞു: ഇതിൽ നുണയുണ്ട്. കുറ്റാരോപിതന് നുണ പറയാൻ അല്ലാഹു അനുവാദം നൽകിയിട്ടില്ല.

ഞാൻ പറഞ്ഞു: അങ്ങ് അറിഞ്ഞുകൊണ്ട് എന്തിനാണ് ആപത്തിലേക്ക് ചെന്നു ചാടുന്നത്? ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ പറഞ്ഞു: ഈ നിയമപരമായ സ്റ്റേറ്റ്മെന്റ് നൽകി അവിഹിത ലാഭമുണ്ടാക്കാൻ വേണ്ടി ഞാൻ എന്റെ അല്ലാഹുവിനെ കോപിഷ്ഠനാക്കുകയോ?! അത് ഒരിക്കലും സാധ്യമല്ല. എന്തുതന്നെ സംഭവിച്ചാലും ശരി!

അവിടുന്ന് അരുളിച്ചെയ്തു: നിങ്ങളുടെ ഈ വക്കാലത്ത് കൊണ്ട് എനിക്ക് യാതൊരു പ്രയോജനവും ഉണ്ടാകുമെന്ന് ഞാൻ അല്പംപോലും വിചാരിച്ചിട്ടില്ല! എന്റെ ആശ്രയം എന്റെ ഹൃദയത്തെ കാണുന്ന അല്ലാഹുവിൽ മാത്രമാണ്; ഞാൻ അവനിൽ മാത്രം തവക്കുൽ ചെയ്യുന്നു! എന്റെ ഈ സത്യമൊഴി നിങ്ങളുടെ ഈ നിയമപരമായ സ്റ്റേറ്റ്മെന്റിനേക്കാൾ സ്വാധീനമുള്ളതായിരിക്കും. ഇനി എനിക്ക് ശിക്ഷ ലഭിച്ചാൽ പോലും എന്റെ അല്ലാഹുവിനെ അനുസരിക്കാതിരുന്നിട്ടില്ലല്ലോ എന്ന് ഓർത്ത ഞാൻ സന്തോഷിക്കും.

അഭിഭാഷകൻ പറയുന്നു: അദ്ഭുകരമെന്ന് പറയട്ടെ, അവിടുന്ന് ആ കേസിൽ നിന്ന് കുറ്റവിമുക്തനായി പുറത്തുവന്നു.

പറഞ്ഞു:വക്കാലത്ത് എന്നത് ഒരു ഭൗതിക കാര്യം മാത്രമാണ്, യഥാർത്ഥ തവക്കുൽ അല്ലാഹുവിലാണ് അർപ്പിക്കേണ്ടത്. ഈ സത്യസന്ധത കണ്ടപ്പോൾ അനഹ്മദിയായ ആ അഭിഭാഷകന് പോലും ആകൃഷ്ടനാകാതിരിക്കാൻ കഴിഞ്ഞില്ല!

ഹുസൂർ അൻവർ അരുൾ ചെയ്തു:

ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ് (റ) വിവരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി:

ഇക്കാലത്തെ ആളുകളുടെ വീക്ഷണത്തിൽ സംസ്കാരം എന്നത് ഐഹികലോകത്തിന്റെ പുഴുക്കളായി മാറുകയും, ദൈവത്തെ വിസ്മരിക്കുകയും, ബാഹ്യമായ ഭൗതിക മാർഗ്ഗങ്ങളെ പൂജിക്കുന്നതിൽ മുഴുകുകയും ചെയ്യുക എന്നതാണ്! എന്നാൽ അല്ലാഹുവിന്റെ അടുക്കൽ സംസ്കാരം എന്നത് അല്ലാഹുവിൽ പൂർണ്ണവിശ്വാസം കൈവന്ന് ഹൃദയത്തിന് യഥാർത്ഥ ആത്മീയ പരിശുദ്ധി സിദ്ധിക്കലാണ്.

ഒരിക്കൽ ഒരു സദസ്സിൽ ചില രോഗങ്ങളെക്കുറിച്ച് പരാമർശമുണ്ടായി. അപ്പോൾ ഹുസൂർ (അ) അരുൾ ചെയ്തു:

ദുആ മുഖേനയുള്ള രോഗശമനത്തെ സംബന്ധിച്ച് എന്റെ മതം എന്തെന്നാൽ എന്റെ ഹൃദയാവസ്ഥ പ്രകടിപ്പിക്കാൻ എനിക്ക് സാധിക്കുകയില്ല! ഡോക്ടർ ഒരു നിശ്ചിത അതിരുവരെ മാത്രമേ പോകുന്നുള്ളൂ. അതു കഴിഞ്ഞ് അവൻ നിശ്ചലനും നിരാശനും ആയിത്തീരുന്നു.

ഹുസൂർ അൻവർ അരുൾ ചെയ്തു: അനേകം ആളുകൾ ഇപ്പോഴും കത്തെഴുതാറുണ്ട് ഡോക്ടർമാർ കൈവിട്ടിരിക്കുന്നു എന്ന്! എന്നാൽ മനുഷ്യർ നിശ്ചയിച്ചിട്ടുള്ള അതിരുകൾക്കും അപ്പുറത്തേക്ക് കടന്ന് പ്രത്യാശ കൈവരിക്കുന്നതിന് അല്ലാഹു ദുആ മുഖേന വഴി തുറന്നു. ഇങ്ങനെ അല്ലാഹുവിനെ തിരിച്ചറിയാൻ തുടങ്ങുകയും ചെയ്യുന്നു! അവിടുന്ന് (അ) അരുളിച്ചെയ്യുന്നു:

ലോകത്തിലെ സകല വൈദ്യന്മാരും നിരാശരായി മരണത്തിന്റെ ഫത്വ നൽകിയാലും ശരി, അല്ലാഹുവിങ്കലേക്ക് വേണ്ടത്ര ശ്രദ്ധ ഉണ്ടാകുന്ന പക്ഷം പ്രാർത്ഥന സ്വീകരിക്കപ്പെടുകയും രോഗശമനം ലഭിക്കുകയും ചെയ്യും എന്നത് തന്നെയാണ് നമ്മുടെ മതം.

ഹുസൂർ അൻവർ അരുൾ ചെയ്തു:

ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി(റ)യുടെ രോഗാവസ്ഥയെ പരാമർശിച്ചുകൊണ്ട് ശൈഖ് യഅ്ഖൂബ് അലി ഇർഫാനി സാഹിബ്(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തവക്കുലിന്റെ ഉന്നത നിലവാരം വിവരിക്കുന്നത് ഇപ്രകാരമാണ്:

മൗലവി സാഹിബിന്റെ രോഗകാലത്ത് ഹദ്റ

ത്ത് അഖ്ദസ് (അ) അത്യുന്നതമായ സ്നേഹത്തിന്റെയും ആത്മത്യാഗത്തിന്റെയും, അല്ലാഹുവിലുള്ള പൂർണ്ണ തവക്കുലിന്റെയും മാതൃക കാട്ടിത്തന്നു; ഹദ്റത്ത് അഖ്ദസ് (അ) അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ടവനാണ് എന്നതിനും, ദൈവവുമായി അവിടുത്തേക്ക് സത്യസന്ധമായ ബന്ധമുണ്ട് എന്നതിനും ഉൾക്കാഴ്ചയുള്ളവർക്ക് ഇത് വ്യക്തമായ തെളിവാണ്. ഇന്ന് ഈ ഉമ്മത്തിൽ റസൂലുല്ലാഹി (സ)-ന്റെ യഥാർത്ഥ മാതൃക കാണാൻ ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ, മുഴുവൻ ലോകത്തും തിരഞ്ഞാലും ഹദ്റത്ത് അഖ്ദസ് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി (അ)-യേക്കാൾ മഹത്തായ മാതൃക വേറെയൊരാളിലും കണ്ടെത്താൻ സാധിക്കുകയില്ല! അവസാന നിമിഷം വരെ ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. തുടർന്ന് അന്തിമ സമയം വന്നണഞ്ഞപ്പോൾ അല്ലാഹുവിന്റെ വിധിയിൽ പൂർണ്ണ തൃപ്തിയടയുകയും ചെയ്തു.

അവിടുന്ന് (അ) അരുളിച്ചെയ്യുന്നു:

തവക്കുൽ എന്നാൽ ഒരു കാര്യം നേടിയെടുക്കുന്നതിനായി അല്ലാഹു നിശ്ചയിച്ചിട്ടുള്ള ഭൗതിക മാർഗോപാധികൾകഴയുന്നത്ര അവലംബിക്കുകയും, അതിനുശേഷം'അല്ലാഹുവേ!നീ തന്നെ ഇതിന്റെ പര്യവസാനം നന്നാക്കിത്തീർക്കേണമേ. ഈ മാർഗ്ഗങ്ങളെ തകർത്ത് തകിടം മറിക്കാൻ കഴിയുന്ന വിപത്തുകളും ദുരിതങ്ങളും നിരവധിയാണ്. അവയുടെ ആഘാതത്തിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിച്ച് യഥാർഥ വിജയത്തിലേക്കും ലക്ഷ്യസ്ഥാനത്തേക്കും ഞങ്ങളെ എത്തിക്കേണമേ' എന്ന് പ്രാർത്ഥനയിൽ മുഴുകുകയും ചെയ്യുക എന്നതാണ്.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്..) അരുൾ ചെയ്തു:

ഹദ്റത്ത് സയ്യിദ് സൈനുൽ ആബിദീൻ ശാഹ് സാഹിബ് (റ) വിവരിക്കുന്നു പ്രദേശത്ത് പ്ലേഗ് രോഗം പടർന്നുപിടിച്ച ഉടൻതന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്വന്തം വീട് വൃത്തിയാക്കാൻ കൽപിക്കുകയും, ബോർഡിംഗ് ഹൗസ് ശുചീകരിക്കാൻ നിർദേശിക്കുകയും, എല്ലാ ജമാഅത്ത് അംഗങ്ങളോടും തങ്ങളുടെ വീടുകളിൽ ഫിനൈൽ ഉപയോഗിക്കാനും പുകയിടാനും നിർദ്ദേശിക്കുകയും ചെയ്യുമായിരുന്നു!

അവിടുന്ന് (അ) അരുളിച്ചെയ്തു:

ലൗകിക മാർഗ്ഗങ്ങൾ ഉപയോഗിക്കുക എന്നതും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കലാണ്! ഭൗതിക മാർഗ്ഗങ്ങൾ ഉപേക്ഷിക്കുന്നത് ദൈവിക ശരീഅത്തിന് വിരുദ്ധമാണ്. തവക്കുലിന്റെ സ്ഥാനം വരുന്നത് എത്രയോ കഴിഞ്ഞാണ്. ഭൗതിക മാർഗ്ഗങ്ങൾക്ക് പിന്നിലുള്ള ദിവ്യകരങ്ങൾ ദർശിക്കലാണ് യഥാർഥ ദിവ്യജ്ഞാനം.

ഹുസൂർ അൻവർ അരുളിച്ചെയ്യുന്നു:

ദൈവസാമീപ്യം സിദ്ധിച്ചവരുടെ തവക്കുലിന് മഹത്തായൊരു പ്രതാപമുണ്ട്! ഒരു വശത്ത് അവർ ലൗകിക മാർഗ്ഗങ്ങളെ പ്രയോജനപ്പെടുത്തുന്നത് കാണുമ്പോൾ ഇവർ തങ്ങളുടെ മുഴുവൻ പ്രതീക്ഷയും ഭൗതിക മാർഗ്ഗങ്ങളിലാണ് അർപ്പിച്ചിരിക്കുന്നത് എന്ന് ഒരു ലൗകികന് തോന്നിപ്പോകുന്നു! മറുവശത്താകട്ടെ, ഭൗതിക മാർഗ്ഗങ്ങളെ ഒട്ടും ആവശ്യമില്ലാത്തവിധം അവർ ചിലപ്പോൾ തീർത്തും ഉപേക്ഷിക്കുകയും ചെയ്യുന്നു! തവക്കുലിന്റെ ഈ ഉന്നത മഹത്ത്വം ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ)ന്റെ ജീവിതത്തിലും നമുക്ക് ദർശിക്കാൻ സാധിക്കും.

ഹുസൂർ അൻവർ പറഞ്ഞു:

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) വിവരിക്കുന്നു ഹദ്റത്ത് മസീഹ് മൗഊദ് (അ)-ന്റെ വഫാത്തിന് രണ്ട് മൂന്ന് വർഷങ്ങൾക്ക് മുമ്പ് അവിടുത്തേക്ക് കഠിനമായ ചുമ അനുഭവപ്പെടുകയുണ്ടായി. അന്ന് എനിക്ക് 17 വയസ്സായിരുന്നു; അങ്ങേയ്ക്ക് മരുന്ന് നൽകുന്ന ചുമതല എന്നെയായിരുന്നു ഏൽപ്പിച്ചിരുന്നത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)-ന്റെ ഔഷധക്കുറിപ്പുകളും മറ്റു മരുന്നുകളും ഉപയോഗിച്ചിരുന്നുവെങ്കിലും ചുമ വർദ്ധിച്ചുകൊണ്ടിരുന്നു. 1907-ലെ സംഭവമാണിത് ജമാഅത്ത് ഉപേക്ഷിച്ചു പോയ അബ്ദുൽ ഹകീം ഹദ്റത്ത് മസീഹ് മൗഊദ് (അ)-ന്റെ ഈ ചുമയെക്കുറിച്ച് വായിച്ചറിഞ്ഞ് അവിടുന്ന് ക്ഷയരോഗം ബാധിച്ച് മരണപ്പെടും എന്ന് എഴുതുകയുണ്ടായി അതിനാൽ, അയാൾ തെറ്റായ നിലയിൽ സന്തോഷിക്കാൻ യാതൊരു ന്യായവും ഉണ്ടാകരുതെന്ന് കരുതി ഞാൻ അത്യധികം ജാഗ്രത പുലർത്തിയിരുന്നു. ചിലപ്പോഴൊക്കെ ചുമയുടെ കാഠിന്യം എത്രത്തോളമെന്നാൽ ശ്വാസം നിലച്ചുപോകുമോ എന്ന് തോന്നിപ്പിക്കുമായിരുന്നു! ആ അവസ്ഥയിൽ പുറത്തുനിന്ന് ഒരു സുഹൃത്ത് വരികയും സമ്മാനമായി ചില പഴങ്ങൾ കൊണ്ടുവരികയും ചെയ്തു. ഞാൻ അവ അവിടുത്തെ സന്നിധിയിൽ സമർപ്പിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അത് കണ്ടപ്പോൾ പറഞ്ഞു: അദ്ദേഹത്തിന് ജസാക്കല്ലാഹ് പറയൂ! തുടർന്ന് അതിൽ നിന്ന്

ഒരു ഏത്തപ്പഴം  കൈയിലെടുത്തു! ഒരുപക്ഷേ എന്നെ പഠിപ്പിക്കാൻ വേണ്ടിയാകാം, അവിടുന്ന് ചോദിച്ചു: ചുമയുള്ളപ്പോൾ ഇത് കഴിച്ചാൽ എന്താകും? ഞാൻ പറഞ്ഞു: ഇത് നല്ലതല്ല. അപ്പോൾ അവിടുന്ന് ചിരിച്ചുകൊണ്ട് അത് തോലുരിച്ച് തിന്നാൻ തുടങ്ങി! ചുമ കഠിനമാണെന്നും ഇത് ഈ അവസ്ഥയിൽ കഴിക്കാൻ പാടില്ലെന്നും എന്റെ വിവരക്കേട് കൊണ്ട് ഞാൻ വീണ്ടും നിർബന്ധിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു:  ചുമ വിട്ടുമാറിയിരിക്കുന്നു എന്ന് എനിക്ക് ഇപ്പോൾ ഇൽഹാം ലഭിച്ചിരിക്കുന്നു. യാതൊരു മരുന്നും ഉപയോഗിക്കാതെ തന്നെ ആ ചുമ തൽക്ഷണം വിട്ടുമാറി! ഇത്  ദൈവിക ഇടപെടൽ കൊണ്ട് മാത്രമാണ് സംഭവിച്ചത്! യാതൊരു മരുന്നും കഴിക്കാതെയും പഥ്യം പാലിക്കാതെയും എന്നല്ല പഥ്യക്കേട് കാണിച്ചിട്ട് പോലും  ആ ചുമ പൂർണ്ണമായി അപ്രത്യക്ഷമായി! എന്നാൽ ഇതിനു മുമ്പ് ഒരു മാസത്തോളം ചികിത്സ നടത്തിയിട്ടും ചുമ മാറുന്നുണ്ടായിരുന്നില്ല. ഇതാണ് ദൈവിക ഇടപെടൽ! സാധാരണഗതിയിൽ പഥ്യക്കേട് കൊണ്ട് രോഗങ്ങൾ ഉണ്ടാകുകയും ചികിത്സ കൊണ്ട് ആരോഗ്യം ലഭിക്കുകയും ചെയ്യാറുണ്ട്. എന്നാൽ അല്ലാഹു തആലാ ആഗ്രഹിക്കുമ്പോൾ ഇതിൽ നേരിട്ട് ഇടപെടുകയും ചെയ്യുന്നു!  'ഞാൻ സ്വതന്ത്രനായി നടക്കാൻ ആഗ്രഹിക്കുന്നില്ല; എന്റെ അവസ്ഥകളിൽ ഞാൻ മടുത്തുപോയിരിക്കുന്നു, നീ ദയവായി എന്റെ കാര്യങ്ങളിൽ ഇടപെടേണമേ! 'എന്ന് അല്ലാഹുവിന്റെ തിരുമുമ്പിൽ ചെന്ന് പറയുന്നതിനായിട്ടാണ് ദുആ എന്ന ആയുധം അല്ലാഹു മനുഷ്യന് പഠിപ്പിച്ചു കൊടുത്തിരിക്കുന്നത്, തന്നിൽ പൂർണ്ണമായി തവക്കുൽ ചെയ്ത ദാസന്റെ കാര്യങ്ങളിൽ താൻ ഇടപെടണമെന്ന് അവൻ ആഗ്രഹിക്കുന്നുവെന്ന് അല്ലാഹു  കാണുമ്പോൾ, അവൻ തീർച്ചയായും അതിൽ നേരിട്ട് ഇടപെടുക തന്നെ ചെയ്യുന്നു . അല്ലാഹുവിൽ പൂർണ്ണമായി തവക്കുൽ അർപ്പിക്കപ്പെടുമ്പോഴാണ് ഇതു സംഭവിക്കുന്നത്.

ഈ വിഷയത്തെക്കുറിച്ച് ഇൻശാ അല്ലാഹ് ഇനി വരും ഖുതുബകളിൽ കൂടുതൽ വിവരിക്കാം.
ഖുതുബയുടെ അവസാനത്തിൽ ഹുസൂർ അൻവർ (അയ്യദഹുല്ലാഹു..), കഴിഞ്ഞ ദിവസങ്ങളിൽ 76-ാം വയസ്സിൽ വഫാത്തായ ഇന്ത്യയിലെ പശ്ചിമ ബംഗാൾ സ്വദേശി  അതാഉർ റഹ്മാൻ സാഹിബിനെ അനുസ്മരിക്കുകയുണ്ടായി. മർഹൂം മൂസി  ആയിരുന്നു.  ഭാര്യയും ഒരു മകളും മൂന്ന് ആൺമക്കളും ആണ് ഉള്ളത്. അദ്ദേഹത്തിന്റെ മക്കളിലൊരാളായ മുഫീസുർ റഹ്മാൻ സാഹിബ് ബോസ്നിയയിലെ മുറബ്ബീ സിൽസിലയാണ്. മറ്റൊരു മകനായ ഷാ നൂർ സാഹിബ് ഇന്ത്യയിൽ മുഅല്ലിം ആയി സേവനമനുഷ്ഠിക്കുന്നു; അദ്ദേഹത്തിന്റെ ഒരു മരുമകനായ സാബിർ അലി സാഹിബും മുറബ്ബീ സിൽസിലയാണ്.
രണ്ടാമതായി ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) ഇന്തോനേഷ്യക്കാരിയായ മർഹൂമ ഖദീജ സിദ്ദീഖ പൊന്തോ സാഹിബയെ അനുസ്മരിച്ചു.
മർഹൂമീങ്ങൾക്ക് വേണ്ടി പാപമോചനത്തിനായി പ്രാർത്ഥിച്ചുകൊണ്ട്  നമസ്കാരത്തിനു ശേഷം ജനാസ ഗാഇബ് നിർവഹിക്കുമെന്ന് ഹുസൂർ അൻവർ വിളംബരം ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ- وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

**FRIDAY SERMON SUMMARY**
DELIVERED BY
**HAZRAT KHALIFATUL MASIH V(ATBA)**
MASJID MUBARAK UK ON 2.10.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY  HARIF MOHAMMED BM
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516